The motion was adopted and the Bill was referred to Select Committee.

(ii) 1981-ലെ കേരള റവന്യൂ ബോർഡ് നിർത്തലാക്കൽ ബിൽ

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, 1981-ലെ കേരള റവന്യൂബോർഡ് നിർത്തലാക്കൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

Mr. Speaker: The Bill stands introduced.

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): 1981-ലെ കേരള റവന്യൂബോർഡ് നിർത്തലാക്കൽ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഈ സെലക്ട് കമ്മിറ്റിയിൽ താഴെ പറയുന്ന ആളുകളെ ചേർക്കണമെന്ന് അഭിപ്രായപ്പെടുന്നു. ഈ കമ്മിറ്റിയുടെ ചെയർമാൻ മൂവർതന്നെയാണ്. സർവ്വശ്രീ. ഈ. കെ. പിള്ള, ബി. എം. ഷെരീഫ്, പി. കെ. ശ്രീനിവാസൻ, സ്റ്റീഫൻ പാദുവ, ജോസ് താന്നിക്കൽ, ടി. പി. പീതാംബരൻ മാസ്റ്റർ, പി. ഭാസ്ക്കരൻ, വർക്കല രാധാകൃഷ്ണൻ, കെ. എം. എബ്രഹാം. കെ. പുരുഷോത്തമൻ, പി. പി. എസ് തോസ്, സി. ടി. കൃഷ്ണൻ, പ്രൊഫസർ ഉമ്മൻമാത്യു, ജോസ് കുറ്റിയാനി. എം. ആർ. രഘുചന്ദ്രബാൽ, പി. സീതിഹാജി, പി. എ. മുഹമ്മദുകുണ്ണ്, എ. വി. താമരാക്ഷൻ, എം. കെ. ജോസഫ്, കെ. കെ. നായർ, പി. പി. വി. മൂസ്സ.

സർ, ഈ ബില്ല് വളരെ പ്രധാനപ്പെട്ട ഒന്നാണെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ല. റവന്യൂബോർഡ് നിർത്തലാക്കുകയെന്നുള്ള അഭിപ്രായം ഈ സഭയിൽ ആയിരം തവണ ഉണ്ടായിട്ടുണ്ട്. നമ്മുടെ ഭരണസംവിധാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരണമെന്നുള്ള അടിസ്ഥാനത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളിലെല്ലാം ഈ നിർദ്ദേശവും ഉണ്ടായിരുന്നു. റവന്യൂ ബോർഡ് ഉണ്ടായതിന്റെ ദീർഘമായ ചരിത്രത്തിലേക്ക് ഞാൻ കടക്കുന്നില്ല, തിരുവിതാംകൂറിൽ റവന്യൂബോർഡ് ഉണ്ടായിരുന്നില്ല. അന്ന് തിരുവിതാംകൂറിലും കൊച്ചിയിലും റവന്യൂ ബോർഡുകൾ ഇല്ലായിരുന്നു. റവന്യൂ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ലാൻഡ് കമ്മീഷണർമാർ ഉണ്ടായിരുന്നു. കൂടാതെ എക്സൈസ് കമ്മീഷണർമാരും ഉണ്ടായിരുന്നു. എന്നാൽ മലബാർ പ്രദേശത്ത് റവന്യൂ ബോർഡിന്റെ പ്രവർത്തനങ്ങൾ നിലവിലിരുന്നു. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമെന്നുള്ള നിലയിൽ റവന്യൂ ബോർഡിന്റെ പ്രവർത്തനങ്ങൾ മലബാറിലും നിലവിലുണ്ടായിരുന്നു. മദ്രാസിലെ റവന്യൂബോർഡ് ഏറ്റവും പഴക്കംചെന്ന റവന്യൂബോർഡുകളിൽ ഒന്നായിരുന്നു. 1886-ലാണ് മദ്രാസിലെ റവന്യൂബോർഡ് ഉണ്ടായത്. തിരുവിതാംകൂറും കൊച്ചിയും തിരുക്കൊച്ചിയായിത്തീർന്ന സ്പോൾ 1949-ൽ തിരുക്കൊച്ചി സംസ്ഥാനം ഉണ്ടാക്കുകയും ഒരു ഓർഡിനൻസ് മൂഖേന തിരുക്കൊച്ചി റവന്യൂബോർഡ് നിലവിൽ വരുകയും ചെയ്തു. 1124-ൽ 12-ാം ഓർഡിനൻസ് എന്ന പേരിൽ അറിയപ്പെടുന്ന ആ ഓർഡിനൻസ് 1950-ൽ ആക്ടായി തീരുകയുണ്ടായി. ആ ആക്ടിനെ കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രി എ. ജെ. ജോൺ ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതിന്റെ ആവശ്യത്തെക്കുറിച്ച് പറയു

LIBRARY ARCHIVES Kerala Legislative Assembly

കയുണ്ടായി. നമ്മുടെ നാട്ടിലെ ഏറ്റവുമധികം പരിചയസമ്പത്തുള്ള പ്രഗത്ഭന്മാരായ സീനിയർ ഉദ്യോഗസ്ഥന്മാർ ചേർന്ന ഈ ബോർഡ് ഭരണകാര്യങ്ങളിൽ ഗവൺമെൻറിനെ ഉപദേശിക്കാൻ വളരെയേറെ സഹായകമായിരിക്കുമെന്ന് അദ്ദേഹം പറയുകയുണ്ടായി.

എന്നുമാത്രമല്ല, ഭരണപരിചയം വളരെയധികമുള്ള ഇവർ, ഭരണസംവിധാനത്തിന് നേതൃത്വം കൊടുക്കുന്നതിന് വലിയൊരു പങ്കു വഹിക്കുമെന്ന് അദ്ദേഹം പറഞ്ഞു. അന്നുതന്നെ ഈ ബോർഡിനെതിരായി ശക്തമായ അഭിപ്രായങ്ങളും ഉണ്ടായി. യശഃശരീരനായ ശ്രീ. പട്ടം താണുപിള്ള, യശഃശരീരനായ ശ്രീ. പി. എസ്. നടരാജപിള്ള തുടങ്ങിയ പ്രമുഖരായ ആളുകളും ഇത്തരം ഒരു ബോർഡിൻെറ ആവശ്യമില്ലെന്ന് അന്നുതന്നെ പറയുകയുണ്ടായി. ആ ബോർഡിന് പകരമായി അവർ പറഞ്ഞത്, പരിചയസമ്പന്നൻമാരായ കമ്മീഷണർമാരെ നിയമിക്കുകയും, അവർ ഇങ്ങനെയുള്ള കാര്യങ്ങളും ചെയ്യുന്നതുമായിരിക്കും നല്ലതെന്നാണ്. അല്ലെങ്കിൽ വീണ്ടും ഭരണപരമായി പല തട്ടുകളും ഉണ്ടായിട്ട് കാലതാമസം ഉണ്ടാവുകയും ഭരണച്ചെലവ് വർദ്ധിക്കുകയും ചെയ്യുമെന്ന് ആക്ഷേപം പറയുകയുണ്ടായി. എങ്കിലും അന്ന് ആ നിയമം പാസായി, റവന്യൂബോർഡ് ഉണ്ടായി. അതിനുശേഷം 1957-ൽ കേരള സംസ്ഥാനം നിലവിൽ വന്നപ്പോഴും അന്ന് പ്രസിഡൻറ് ഭരണത്തിൻ കീഴിലായിരുന്നു-പ്രസിഡൻറ് കൊണ്ടുവന്ന നിയമം എന്ന നിലയിൽ കേരളത്തിൽ റവന്യൂ ബോർഡ് ആക്ട് നിലവിൽ വന്നു. ആ ആക്ടിൻെറ അടിസ്ഥാനത്തിൽ വന്ന റവന്യൂബോർഡാണ് ഇപ്പോഴും നിലവിലിരിക്കുന്നത്.

1957-ൽ നിലവിൽവന്ന കേരളത്തിലെ സഖാവ് ഇ. എം. എസിൻെറ നേതൃത്വത്തിലുള്ള മന്ത്രിസഭ ഒരു ഭരണപരിഷ്ക്കാര കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. സഖാവ് ഇ. എം. എസ്. ആയിരുന്നു ആ കമ്മിറ്റിയുടെ ചെയർമാൻ. ആ കമ്മിറ്റി പറഞ്ഞത്, ഭരണകാര്യങ്ങളിൽ പരിചയസമ്പന്നന്മാരായ സീനിയർ ഉദ്യോഗസ്ഥന്മാരുടെ ഉപദേശം ലഭിക്കാനും, അതുപോലെതന്നെ ഭരണപരമായ കാര്യങ്ങളിൽ സഹായകരമായ, ആവശ്യമായ നിർദ്ദേശങ്ങളും മറ്റ് പ്രവർത്തനങ്ങളും ഉണ്ടാകാൻവേണ്ടി, ഉണ്ടാക്കിയതാണ് ഈ ബോർഡെങ്കിലും ഈ ബോർഡ് ആ ചുമതല കാര്യമായി നിർവ്വഹിച്ചിട്ടില്ല എന്നാണ്. പ്രധാനമായും അതുപോലുള്ള സംഭവങ്ങളുണ്ടാവുമ്പോൾ അന്വേഷണം നടത്തുന്നതിനും, അതുപോലുള്ള ചില കാര്യങ്ങളും ചെയ്യുന്നതിനുമാണ് പ്രധാനമായും ഈ ബോർഡുകൊണ്ട് ഉപയോഗമുണ്ടായിട്ടുള്ളത്. ഇത്തരം ഒരു ബോർഡ് നിലനിൽക്കേണ്ട ആവശ്യമില്ലായെന്ന് ആ ഭരണ കമ്മിറ്റി ശുപാർശ ചെയ്യുകയുണ്ടായി. വീണ്ടും അതിനെക്കുറിച്ച് ഭരണതലത്തിൽ ചർച്ചകളും നടന്നിട്ടുണ്ട്. ഭരണപരിഷ്ക്കാര കമ്മിറ്റി എന്ന നിലയിൽ നിയമിക്കപ്പെട്ട 'വെള്ളോടി കമ്മിറ്റി' ഈ ബോർഡ് പിരിച്ചുവിടണമെന്ന് നിർദ്ദേശിച്ചിട്ടില്ല. എന്നാൽ അവർ മറ്റ് ചില നിർദ്ദേശങ്ങളും വയ്ക്കുകയുണ്ടായി. ബോർഡിലെ മെമ്പർമാർ എക്സ്-ഒഫിഷ്യോ സെക്രട്ടറിമാരാകുക, സെക്രട്ടേറിയറ്റിലെതന്നെ റവന്യൂ സെക്രട്ടറി ഇല്ലാതാകുക തുടങ്ങിയുള്ള മറ്റ് പല നിർദ്ദേശങ്ങളാണ് അത്. ഇവിടെയുണ്ടായിട്ടുള്ള അനേകം തർക്കങ്ങളിലും, അഭിപ്രായങ്ങളിലും, റവന്യൂ ബോർഡ് നിലനിൽക്കുകയാണെങ്കിൽ ഈ പ്രത്യേക സെക്രട്ടറിമാരുടെ ആവശ്യമുണ്ടോ സെക്രട്ടറിമാർ ഉള്ളപ്പോൾ റവന്യൂബോർഡ് നിലനിറുത്തേണ്ട ആവശ്യമുണ്ടോ തുടങ്ങിയ അനേകം കാര്യങ്ങളിൽ ചർച്ചകളും നടന്നിട്ടുണ്ട്. 1970-ൽ ഈ സംസ്ഥാന ഗവൺമെൻറ് റവന്യൂ ബോർഡ് നിറുത്തലാക്കണമെന്നുള്ള അഭിപ്രായത്തിൽ എത്തുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ, അന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് തോമസിനെ ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യമായ റിപ്പോർട്ട് തരുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. അദ്ദേഹം വിശദമായപരിശോധനയ്ക്കുശേഷം പല വിലപിടിച്ച നിർദ്ദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ട് പലപ്പോഴും പരിശോധിച്ചുവെങ്കിലും അതെല്ലാം ഇവിടെ സൂക്ഷിക്കുകയല്ലാതെ അതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനോ റവന്യൂബോർഡ് വേണ്ടെന്നു വയ്ക്കുന്നതിനോ ഉള്ള തീരുമാനത്തിൽ എത്തുകയോ ചെയ്തില്ല.

കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിന്റെ തുടക്കത്തിൽ, ബഹുമാനപ്പെട്ട ഗവർണ്ണർ കേരളത്തിലെ റവന്യൂ ബോർഡ് നിർത്തലാക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ആ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭ തീരുമാനമെടുക്കുകയും ഈ ബില്ല് അംഗീകരിക്കുകയും സെൻട്രൽ ഗവൺമെന്റിലേക്കയച്ച് അംഗീകാരം നേടുകയും ചെയ്തു. അതിനുശേഷമാണ് ഇപ്പോൾ ഇവിടെ ചർച്ചയ്ക്കുവരുന്നത്

ഈ ബില്ലിന്റെ പ്രത്യേകതകളിലേക്കൊന്നും ഞാൻ വിശദമായി കടക്കാൻ ആഗ്രഹിക്കുന്നില്ല. വളരെ ലളിതമായ രൂപത്തിലാണ് ഈ ബില്ല് കൊണ്ടുവന്നിട്ടുള്ളത്. ഈ ബില്ലിൽ വന്നിട്ടുള്ള ക്ലാസുകളിലെ ചില പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് മാത്രം ചുരുക്കായി പറയണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

ഇതിലെ ഒന്നാമത്തെ ക്ലാസിൽ, ഈ നിയമം നിലവിൽ വരുന്നത് ഗവൺമെന്റ് ഗസറ്റിൽ നോട്ടിഫൈ ചെയ്യുന്ന പ്രത്യേക ദിവസത്തിലായിരിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഈ ആക്ട് വന്നുകഴിഞ്ഞാൽ ഗവൺമെന്റ് നോട്ടിഫൈ ചെയ്യേണ്ടതുണ്ട്.

രണ്ടാമത്തെ ക്ലാസ് ഡഫനിഷനാണ്. അതിനെക്കുറിച്ച് ഞാൻ പ്രത്യേകിച്ചൊന്നും പറയുന്നില്ല. അത് ബഹുമാനപ്പെട്ട അംഗങ്ങളുടെ മുമ്പിലുണ്ട്.

മൂന്നാമത്തെ ക്ലാസിൽ ബോർഡ് ഓഫ് റവന്യൂ അബോളിഷ് ചെയ്തിരിക്കുന്നതായി പ്രഖ്യാപിക്കുന്നു.

നാലാമത്തെ ക്ലാസിൽ റവന്യൂ ബോർഡ് മെമ്പേഴ്സിന് ഉണ്ടായിരുന്ന അധികാരങ്ങൾ താഴെ പറയുന്ന വിധത്തിൽ, അവരിൽ ചെന്നുചേരുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

ഒന്ന്, ഗവൺമെന്റിലേക്ക് ലയിക്കുക.

രണ്ട്, കമ്മീഷണർമാർ.

മൂന്ന്, അഡീഷണൽ സെക്രട്ടറിമാരിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻമാരിൽ.

നാല്, കളക്ടറുടെ താഴെയല്ലാത്ത ഉദ്യോഗസ്ഥൻമാരിൽ.

ഇന്ന് ബോർഡ് ഓഫ് റവന്യൂ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ, അവയ്ക്കുള്ള അധികാരങ്ങൾ, കടമകൾ എല്ലാം ഗവൺമെന്റ് തീരുമാനിക്കുന്നതനുസരിച്ച്, നോട്ടിഫൈ ചെയ്യുന്നതനുസരിച്ച് ഗവൺമെന്റിലേക്കോ അല്ലെങ്കിൽ ഈ പറയുന്ന മറ്റു ഉദ്യോഗസ്ഥൻമാരിലേക്കോ നിക്ഷിപ്തമാകും.

അഞ്ചാമത്തെ ക്ലാസിൽ കമ്മീഷണർമാരെ അപ്പോയിന്റ് ചെയ്യുന്നതിനെക്കുറിച്ചാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആറാമത്തെ ക്ലാസിൽ, മറേതെങ്കിലും നിയമത്തിൽ, ബോർഡിനോ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥൻമാർക്കോ കൊടുത്തിട്ടുള്ള അധികാരങ്ങളും അല്ലെങ്കിൽ അവർ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങളും ഈ നിയമം വരുമ്പോഴും ഈ നിയമമനുസരിച്ച് ഗവൺമെൻറ് നിയമിക്കുന്ന ഉദ്യോഗസ്ഥൻമാർ നിശ്ചയിക്കുന്ന തീരുമാനങ്ങൾക്ക് വിധേയമായിട്ട് ഓവർറൈഡ് ചെയ്യാമെന്ന് പറയുന്നുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: നാലാമത്തെ വകുപ്പിൽ, നാല് അധികാരികളെ പറയുന്നുണ്ട്. അഞ്ചാമത്തെ വകുപ്പിൽ കമ്മീഷണർ എന്നും പറയുന്നുണ്ട്. ഇത് രണ്ടുംകൂടി കോ-ഓർഡിനേറ്റു ചെയ്തു പോകുമോ?

ശ്രീ. പി. എസ്. ശ്രീനിവാസൻ: അതിന്റെ വിശദാംശങ്ങളിലേക്ക് ഞാനിപ്പോൾ കടക്കുന്നില്ല. സെലക്ട് കമ്മിറ്റിയിൽ ഇതെല്ലാം പരിഗണിക്കാവുന്നതാണ്.

ഏഴാമത്തെ ക്ലാസിൽ ബോർഡ് ഓഫ് റവന്യൂവിലെ മെമ്പർമാരുടേയും അതുപോലെതന്നെ സ്റ്റാൻറിംഗ് ഓർഡേഴ്സിന്റേയുമെല്ലാം പരാമർശനങ്ങൾ ഇതിനുമുമ്പ് ഏതെങ്കിലും നിയമത്തിലുണ്ടെങ്കിൽ അത് ഗവൺമെൻറായോ അപ്പലേറ്റ് അതോറിറ്റിയായോ അതുപോലെ വേണ്ടി വരുന്ന ഓർഡേഴ്സുകളായിട്ടോ പരിഗണിക്കേണ്ടതാണെന്നു പറയുന്നു.

എട്ടാമത്തെ ക്ലാസിൽ, ഇത് നടപ്പിലാക്കുന്നതിനുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെൻറിന് രണ്ടു വർഷത്തിനിടയിൽ, ഇതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത നിലയിൽ അമൻറ്മെൻറിനെ സംബന്ധിച്ച്, ആവശ്യമായിട്ടുള്ള ചില നടപടികളെടുക്കുന്നതിനുള്ള അധികാരം കൊടുക്കുന്നു. ഇതൊക്കെയാണ് പ്രധാനമായിട്ടും ഇതിനകത്തുള്ള വ്യവസ്ഥകൾ.

ഈ ബോർഡ് അബോളിഷ് ചെയ്തുകഴിഞ്ഞിട്ട് എങ്ങനെയൊക്കെയാണ് ഈ ബോർഡ് ചെയ്തുകൊണ്ടിരുന്ന പ്രവർത്തനങ്ങൾ നടത്തുക എന്നുള്ളതിനെ സംബന്ധിച്ച് വളരെ വിശദമായി ഇപ്പോൾ തീരുമാനിച്ചിട്ടില്ല. അത് വളരെ വേഗത്തിൽഗവൺമെൻറ് തീരുമാനിക്കുകയും അതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതുമാണ്.

ഞാൻ ഈ ബോർഡിന്റെ കോൺസ്റ്റിറ്റ്യൂഷനെ സംബന്ധിച്ചും അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും പറയുകയുണ്ടായി. ഈ ബോർഡ് എന്തിനുവേണ്ടിയാണോ നമ്മൾ ഉണ്ടാക്കിയത്, ആ ഉദ്ദേശം അല്ലെങ്കിൽ കടമ പ്രധാനമായും നിർവ്വഹിച്ചിരുന്നില്ല എന്നുള്ള ദുഃഖസത്യം നമ്മുടെ മുമ്പിലുണ്ട്. 30 വർഷമായി ഈ ബോർഡ് നിലവിലിരിക്കുന്നു. ഈ ബോർഡിനോട് ഒരിക്കൽപോലും ഈ ഗവൺമെൻറ് എന്തെങ്കിലും ഒരു പ്രശ്നത്തിന് കാര്യമായ ഉപദേശം തേടിയിട്ടില്ല. പരിചയസമ്പന്നരായ സീനിയർ ഉദ്യോഗസ്ഥൻമാരുടെ ഒരു ബോർഡ് നിലവിൽവന്ന്, ചില കാര്യങ്ങൾ ചെയ്യുന്നതിനും, ഭരണപരമായി ഗവൺമെൻറിനെ ഉപദേശിക്കുന്നതിനും വേണ്ടിയാണ് ഏറ്റവും പ്രധാനമായും ഈ ബോർഡുകൊണ്ട് ഉദ്ദേശിച്ചതെങ്കിലും ആ ഉപദേശം തേടാൻ ഗവൺമെൻറ് കാര്യമായി ശ്രദ്ധിച്ചിട്ടില്ല, ശ്രദ്ധിക്കാറുമില്ല.

നിലവിലുള്ള ഡിപ്പാർട്ടുമെൻറുകളും ആ ഡിപ്പാർട്ടുമെൻറുകളുടെ ഹെഡും എടുക്കുന്ന തീരുമാനങ്ങൾ പലപ്പോഴും ബോർഡിന്റെ സഹായം തേടിയിട്ടില്ല. മാത്രമല്ല, ബോർഡിൽ നിന്നും വ്യത്യസ്തമായി ഇൻറി

LIBRARY ARCHIVES Kerala Legislative Assembly

പ്പെൻറൻറായിത്തന്നെ നടന്നുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ സെക്രട്ടേറിയറ്റിൽ തീരുമാനങ്ങളെടുക്കുന്നു. എന്നുമാത്രമല്ല നമ്മുടെ പഞ്ചവൽസര പദ്ധതികളും വരികയും വികസന പ്രവർത്തനങ്ങളും വരികയും ചെയ്തപ്പോൾ അതിലൊന്നും ഈ ബോർഡിന് യാതൊരു പങ്കും ഉണ്ടായിരുന്നില്ല. ഈ ബോർഡുകൊണ്ട് നമ്മൾ ഉദ്ദേശിച്ച കാര്യങ്ങൾ ചെയ്തില്ലെന്നുള്ളതാണ് പ്രധാനമായും ഉള്ളത്. ബോർഡ് കൂടുക എന്നുള്ളത് ചിലപ്പോൾ മാസത്തിലൊരിക്കൽ അല്ലെങ്കിൽ രണ്ടു പ്രാവശ്യം നടന്നു എന്നുവരാം. എന്നാൽ ഞാൻ ഈ പറഞ്ഞതുപോലുള്ള ചുമതലകൾ നിർവ്വഹിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് വസ്തുത. ചില പ്രത്യേക ഡിപ്പാർട്ടുമെൻറുകളുടെ കമ്മീഷണർമാരെന്ന നിലയിലോ ഹെഡ് എന്നുള്ള നിലയിലോ ബോർഡിലെ അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആ പ്രവർത്തനവും ഇതിൽ പറഞ്ഞതുപോലെ മാറ്റം വരുത്തി ചെയ്യാവുന്നതേയുള്ളൂ. അതുകൊണ്ട് റവന്യൂ ബോർഡ് നിർത്തലാക്കുന്നതിനെ സംബന്ധിച്ചുള്ള ഈ നിയമം അംഗീകരിച്ചു കഴിഞ്ഞാൽ ആക്ടായി കഴിഞ്ഞാൽ ഇത് നടപ്പിലാക്കുന്നതിനുള്ള മറ്റു വിശദാംശങ്ങൾ തീരുമാനിക്കാം. അതിൻെറ അടിസ്ഥാനത്തിൽ ഈ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. ഇന്ത്യയിൽ റവന്യൂ ബോർഡ് നിലവിൽവന്നതിൻെറ മറ്റു കഥകളിലേക്ക് ഞാൻ കടക്കുന്നില്ല. ഈസ്റ്റ്-ഇന്ത്യാ കമ്പനി നമ്മുടെ ഈ രാജ്യത്തിൻെറ രാഷ്ട്രീയ ജീവിതത്തിലേക്ക് കടന്നുവന്ന് ബ്രിട്ടീഷ് ഭരണം ഏറെക്കുറെ ഉറച്ച ഒരു അവസരത്തിൽ അവർ നിലവിൽ കൊണ്ടുവന്നതാണ് റവന്യൂ ബോർഡ് എന്നുള്ള സമ്പ്രദായം തന്നെ. അത് പ്രധാനമായും കൽക്കത്തായിലാണ് ആദ്യമായി ജന്മമെടുത്തത്. മറ്റു പ്രസിഡൻസികളിലും ചിലതിലെല്ലാം അതുണ്ടായി. പല സ്ഥലങ്ങളിലും, ബോർഡില്ലാതെ തന്നെ ഭരണം നടന്നുവന്നിരുന്നു. കമ്മീഷണർമാർ ഡിവിഷണൽ കമ്മീഷണർമാർ തുടങ്ങിയിട്ടുള്ളവർ വഴി ഈ കാര്യങ്ങൾ നടന്നുപോന്നിരുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ പ്രസിഡൻസി സ്റ്റേറ്റിൽ പലതിലും റവന്യൂ ബോർഡുകൾ ഇല്ലായിരുന്നു. എന്നാൽ ഒരു ഘട്ടത്തിൽ ഉണ്ടാവുകയും വളരുകയും പ്രവർത്തനത്തിൽ ഇരിക്കുകയും ചെയ്തു. പലപ്പോഴും അത് മാറണമെന്ന് നമ്മൾ തീരുമാനിച്ചെങ്കിലും നമ്മുടെയെല്ലാം യാഥാസ്ഥിതികത നിൽക്കുന്നിടത്തു നിൽക്കാനുള്ള പ്രവണത ഇതിനെയെല്ലാം മാറ്റാൻ വിലങ്ങുതടിയായിരുന്നു. ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്നതിനു മുമ്പ് ഇടതുപക്ഷജനാധിപത്യ മുന്നണി രാജ്യത്തിൻെറ മുമ്പിൽവച്ച പരിപാടിയിൽ റവന്യൂ ബോർഡ് നിർത്തലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആ പ്രഖ്യാപനത്തിൻേറയും കൂടി അടിസ്ഥാനത്തിലാണ് ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി കൂടിയാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ ഇത് നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ ഈ നിയമം കൊണ്ടുവരികയും ചെയ്തിട്ടുള്ളത്. സെലക്ട് കമ്മിറ്റി ഇതിനെക്കുറിച്ച് പരിശോധിക്കുമ്പോൾ ആവശ്യമായവിധത്തിൽ പുഷ്ടിപ്പെടുത്താനും നന്നാക്കാനും കഴിയുന്നതാണ്. ഈ ബിൽ സെലക്ട് കമ്മിറ്റിക്കയക്കണമെന്നുള്ള ഈ മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ബില്ലിനെക്കുറിച്ച് പൊതുവിൽ ചിലത് പറയാനുണ്ട്.

ശ്രീ. സി. ബി. സി. വാര്യർ: സെലക്ട് കമ്മറ്റി മെമ്പറൻമാർക്ക് സംസാരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: സെലക്ട് കമ്മിറ്റി മെമ്പേഴ്സ് സംസാരിക്കുന്ന പ്രീസിഡൻറ് ഉണ്ട്. അതുകൊണ്ടാണ് സംസാരിക്കുന്നത്. കേരള ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ചു വന്ന ഒരു ബില്ലാണിത്.

ശ്രീ. സി. ബി. സി. വാര്യർ: ഇവിടെ ഈ സഭയിൽ വളരെ വ്യക്തമായ റൂളിംഗ്സ് ഉണ്ട്. സെലക്ട് കമ്മിറ്റിയിലേക്ക് പേര് പ്രപ്പോസ് ചെയ്താൽ ആ മെമ്പർക്ക് ചർച്ചയിൽ പങ്കെടുക്കാൻ പാടില്ല. ബഹുമാനപ്പെട്ട സഭയിലെ മറ്റംഗങ്ങൾ പറയുന്ന അഭിപ്രായങ്ങൾ കേൾക്കുകയും സെലക്ട് കമ്മിറ്റിയുടെ പരിഗണനക്ക് ആ അഭിപ്രായങ്ങൾ വയ്ക്കുകയുമാണ് ചെയ്യേണ്ടത്. സെലക്ട് കമ്മിറ്റിയിലേക്ക് പ്രപ്പോസ് ചെയ്യപ്പെട്ട മെമ്പർമാർ ചർച്ചയിൽ പങ്കെടുക്കാൻ പാടില്ലെന്ന് ആവർത്തിച്ച് ഈ സഭയിൽ പലപ്പോഴും റൂൾ ചെയ്തിട്ടുണ്ട്; അങ്ങനെ റൂളിംഗ് ഉണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഒരു കാര്യം.

മി. സ്പീക്കർ: ഞാൻ ശ്രീ. രാധാകൃഷ്ണനെ തടയുകയല്ല. സെലക്ട് കമ്മിറ്റിയിലേക്ക് പേര് പ്രപ്പോസ് ചെയ്യുന്ന മെമ്പർമാർ സംസാരിക്കുന്ന കീഴ്വഴക്കവും ഈ സഭയിലുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: പ്രസംഗിച്ച കീഴ്വഴക്കവും ഉണ്ട്. അതുകൊണ്ട് എന്റെ പ്രസംഗം കർട്ടെയിൽ ചെയ്യേണ്ട കാര്യമില്ല. എന്തായാലും ഞാൻ 5 മിനിറ്റുകൊണ്ട് ചുരുക്കിപ്പറയാം. നമ്മുടെ രാജ്യത്തെ ഭരണ സംവിധാനത്തിൽ വരുത്തേണ്ട മാറ്റങ്ങളുടെ ഒരു പശ്ചാത്തലത്തെക്കുറിച്ച് ഞാൻ ചുരുക്കിപ്പറയാം.

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി): ബഹുമാനപ്പെട്ട അംഗം പറഞ്ഞതു ശരിയല്ല. ഓരോ നിയമസഭയിലും, മൂന്നാം കേരള നിയമസഭയിലും, നാലാം കേരളാനിയമസഭയിലും ഇങ്ങനെ ഓരോ നിയമസഭകളിലും ഈ കാര്യങ്ങൾ സംബന്ധിച്ച് പ്രത്യേകമായ ചില നിലപാട് എടുത്തിരുന്നു. ഈ ആറാം കേരള നിയമസഭയിൽ സെലക്ട് കമ്മിറ്റി മെമ്പർമാർക്ക് ബില്ലുകളുടെ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കാൻ അവകാശമുണ്ടോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. അങ്ങ് അതേപ്പറ്റി ഒരു തീരുമാനം എടുത്തിട്ടില്ല. ഇതുവരെ സെലക്ട് കമ്മിറ്റി മെമ്പർമാർ ബില്ലുകളുടെ ചർച്ചയിൽ പങ്കെടുത്തിട്ടില്ല. അത് അങ്ങ് അങ്ങനെ അനുവദിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇങ്ങനെ ഒരു സന്ദർഭം വിനിയോഗിച്ച് സെലക്ട് കമ്മിറ്റിയിൽ പേരും വച്ചിട്ട് ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുന്നത് ആരോഗ്യകരമായ കീഴ്വഴക്കമല്ല. സെലക്ട് കമ്മിറ്റി മെമ്പറൻമാർ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാതിരിക്കുക മറ്റു അംഗങ്ങൾ പറയുന്നതു കേൾക്കുക. അതുകൊണ്ട് അങ്ങ് ഇതേപ്പറ്റി ഒരു തീരുമാനമെടുത്തിട്ട്....

മി. സ്പീക്കർ: അഞ്ചാം കേരള നിയമ സഭയിലും, നാലാം കേരള നിയമ സഭയിലുമൊക്കെ അങ്ങനെ ചില സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അപൂർവ്വം ചില സന്ദർഭങ്ങളിൽ സെലക്ട് കമ്മിറ്റി മെമ്പേഴ്സ് സംസാരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: അപൂർവമായ സന്ദർഭം ഈ ബഹുമാനപ്പെട്ട അംഗത്തിന് എങ്ങനെയുണ്ടായി എന്നുള്ളതാണ് പ്രശ്നം.

ശ്രീ. സി. എ. കുര്യൻ: ഡിസെൻറിങ്ങ് നോട്ട് എഴുതിയാൽ മാത്രമേ സെലക്ട് കമ്മിറ്റി മെമ്പർമാരെ മുമ്പ് സംസാരിക്കാൻ അനുവദിച്ചിട്ടുള്ളു.

ശ്രീ. പി. കെ. ശ്രീനിവാസൻ: ഈ സഭയുടെ തീരുമാന പ്രകാരം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിലേക്ക് പോയിരുന്ന പ്രതിനിധി സംഘം ഇവിടെ തിരിച്ചെത്തിയിട്ടുണ്ട്. ആ പ്രതിനിധി സംഘം പ്രധാനമന്ത്രിയുമായി പ്രധാനപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് സംസാരിച്ചതായി അറിഞ്ഞു. അതിനെ സംബന്ധിച്ച് എന്തെങ്കിലും കേൾക്കാൻ ഈ സഭയിലെ അംഗങ്ങളായ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. അതുകൊണ്ട് അതിനെക്കുറിച്ച് ഒരു സ്റ്റേറ്റുമെൻറ് നടത്തിയാൽ കൊള്ളാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ ഏതാനും വാക്കുകൾക്കുള്ളിൽ എൻറെ അഭിപ്രായ പ്രകടനം അവസാനിപ്പിക്കാം. ഈ ബില്ലു മാത്രമല്ല ഇനിയൊരു ബില്ലുകൂടി വരണം. നമ്മുടെ കേരളാ സെക്രട്ടേറിയറ്റ് അബോളിഷൻ ബില്ലുകൂടി അവതരിപ്പിച്ചാലേ ഈ പ്രക്രിയ പൂർത്തിയാകൂ. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ഈ രാജ്യത്ത് ബോട്ടിൽ നെക്സിൽ റവന്യൂ ബോർഡ് മാത്രമല്ല സെക്രട്ടേറിയറ്റുമുണ്ട്. ഈ സെക്രട്ടേറിയറ്റു കൂടി അബോളിഷ് ചെയ്തിട്ട് തൽസ്ഥാനത്ത് കാര്യങ്ങൾ വേഗം നടക്കുന്ന പുതിയ സംവിധാനം ഏർപ്പെടുത്തണം. അതിനുള്ള സമയം വൈകിയിരിക്കുകയാണ്. ഈ രാജ്യത്ത് 35 വർഷം കഴിഞ്ഞതിനുശേഷവും ഇന്നുവരെ കാര്യമായി ഒന്നും നടന്നിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് സെക്രട്ടേറിയറ്റ് അവസാനിപ്പിക്കണമെന്ന്. അബോളിഷൻ ഓഫ് ദി കേരളാ സെക്രട്ടേറിയറ്റ്....

ശ്രീ. സി. ബി. സി. വാര്യർ: സെക്രട്ടേറിയറ്റ് അബോളിഷനു പ്രത്യേകം ഒരു ബില്ല് കൊണ്ടുവന്നാൽ മതിയല്ലോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ ഇതു പറയാൻ കാരണം റവന്യൂ ബോർഡ് ഉണ്ടായതിനു തന്നെ ഒരു പ്രത്യേക പശ്ചാത്തലമുണ്ട്. ഈസ്റ്റിന്ത്യാ കമ്പനി ഒരു കൊളോണിയൽ വാഴ്ചയുടെ അവശിഷ്ടം മാത്രമല്ല. ഇന്നിപ്പോഴും സെക്രട്ടേറിയറ്റിൽ ചെന്നാൽ ഒരു വെജിറ്റേറിയൻ റസ്റ്റോറൻറിൽ കയറിയ കണക്കാണ്. സാധാദോശ, സ്പെഷ്യൽ ദോശ, മസാല ദോശ അതുപോലെ ഇവിടെ സെക്രട്ടേറിയറ്റിൽ കയറിയാൽ ജോയിൻറ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ഒറിജിനൽ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി. ഈ സ്പെഷ്യൽ സെക്രട്ടറി മൂത്തു വന്നാൽ നെയ് റോസ്റ്റു പോലെ റവന്യൂ ബോർഡിൽ പോകും, ഇതാണ് ഈ രാജ്യത്തു നടക്കുന്നത്. യാഥാർത്ഥ്യം പറഞ്ഞാൽ ഇവിടെ ഒരു സംഗതിയും നടക്കാത്തതിൻറെ കാരണം ഇങ്ങനെയുള്ള ഐ. എ. എസ് വെള്ളാനകളെയും മറ്റും നമ്മുടെ ചോരിച്ച നികുതി മുഴുവൻ ചെലവു ചെയ്തു ഈ രാജ്യത്ത് തീറ്റിപ്പോറ്റുന്നതുകൊണ്ടാണ് ഈ കുഴപ്പം വരുന്നത്. ഈ റവന്യൂ ബോർഡിൻറെ നിലനിൽപ്പും. അതാണ് പ്രശ്നം. ഈ രാജ്യത്തെ സ്പെഷ്യൽ സെക്രട്ടറിമാരെ ഇവിടെ ഇരുത്താൻ കഴിയാത്തതുകൊണ്ടാണ് റവന്യൂ ബോർഡിലേക്ക് അയക്കുന്നത്. അവിടെപ്പോയി ഇരുപ്പാണ് ഒരിരുപ്പ്. കുറെ ഫയലുകളുടെ മുകളിൽ. എറ്റവും പെട്ടെന്ന് കൊളോണിയൽ വാഴ്ചയുടെ അവശിഷ്ടമായ ഈ റവന്യൂ ബോർഡ് നിറുത്തലാക്കുക മാത്രമല്ല നമ്മുടെ രാജ്യത്ത് ഇന്നു നിലവിലുള്ള കേരളാ സെക്രട്ടേറിയറ്റ് മുഴുവൻ പിരിച്ചു

LIBRARY/ARCHIVES Kerala Legislature Assembly

വിട്ട് തൽസ്ഥാനത്ത് പുനഃസംവിധാനം മിനിസ്ട്രിസിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവരണം. ആണുങ്ങളെയാണ് നമ്മൾ ഭരിക്കാൻ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഈ രാജ്യത്ത് മിനിസ്ട്രിസിന്റെ അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണം. ഡൽഹിയിൽ നിന്ന് ഇങ്ങനെ കേഡർ പോസ്റ്റിൽ പറഞ്ഞയക്കുന്ന ആളുകളെ മുഴുവൻ താങ്ങാൻ വയ്യാത്ത സ്ഥിതിയിലായിട്ടുണ്ട്. അതുകൊണ്ട് ഇപ്പോഴുള്ളവരെ തൽസ്ഥാനത്തിരുത്തി ബാക്കിയുള്ളവരെയെല്ലാം പറഞ്ഞയച്ച്, രാജ്യത്തെ ജനങ്ങളോട് ഉത്തരവാദിത്വമുള്ള....

ശ്രീ. സി. എ. കുര്യൻ: സെക്രട്ടേറിയറ്റ് പിരിച്ചു വിട്ടാൽ നമ്മുടെ മന്ത്രിമാരൊക്കെ എവിടെയാണിരിക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: മന്ത്രിമാരെ പിരിച്ചു വിടണമെന്നല്ല ഞാൻ പറഞ്ഞത്. മന്ത്രിമാരുടെ നേതൃത്വത്തിലുള്ള മിനിസ്ട്രിസ് ഭരണമുണ്ട് ഈ രാജ്യത്ത്. പല വിദേശ രാജ്യങ്ങളിലും കാലത്തൊരു പേപ്പർ കൊടുത്താൽ വൈകിട്ട് അതിന്റെ ഉത്തരവു കിട്ടും. ഇവിടെ സാർവ്വത്രികമായ അഴിമതിയാണ്. അതിനുള്ള മുഖ്യകാരണം അധികാര കേന്ദ്രീകരണമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തന്നെ സെക്രട്ടേറിയറ്റ് മുഴുവൻ പുനഃസംഘടിപ്പിക്കണം. പുതിയ രീതിയിൽ അത് നടപ്പിൽ വരുത്തണം. അതാണ് ഞാൻ പറഞ്ഞത് കേരളാ സെക്രട്ടേറിയറ്റ് പിരിച്ചു വിടണം. പിരിച്ചു വിട്ട് തൽസ്ഥാനത്ത് ഈ നാട്ടിലെ ജനങ്ങളോട് ഉത്തരവാദിത്വമുള്ള ജനങ്ങളുടെ പ്രശ്നങ്ങൾക്കു പെട്ടെന്ന് പരിഹാരം കാണുന്ന നിലയിൽ ഓരോ മിനിസ്ട്രിയുടെയും കീഴിൽ ഡിപ്പാർട്ട്മെന്റ് ഹെഡ് സിനെ ബന്ധപ്പെടുത്തിക്കൊണ്ട് പുതിയ സംവിധാനം ഏർപ്പെടുത്തണം. കഴിഞ്ഞ 35 വർഷക്കാലമായിട്ട് ഈ രാജ്യത്ത് പഴയ ബ്രിട്ടീഷുകാരന്റെ മോഡലിൽ ഭരണം നടത്തുന്ന സമ്പ്രദായം അവസാനിപ്പിക്കണം. അതിന്റെ ഒരു ചെറിയ ഭാഗമാണ് റവന്യൂ ബോർഡ്. കൊളോണിയൽ ഈസ്റ്റിൻഡ്യാ കമ്പനി റവന്യൂ ബോർഡ് ഇവിടെ ഉണ്ടാക്കിയത് കരം പിരിക്കാനാണ്. അന്ന് കരം പിരിവായിരുന്നു അവരുടെ ജോലി. മദ്രാസ് ഗവൺമെന്റിനെക്കാളും മുമ്പെ വന്നതാണ് റവന്യൂ ബോർഡ്. അതുകൊണ്ട് ഞാൻ പറഞ്ഞത് ഭരണ സംവിധാനത്തിൽ അടിമുടി അഴിച്ചുപണി വരുത്തി ഇതു മുഴുവൻ പുനഃസംഘടിപ്പിച്ച് വളരെ വിശാലമായ നിലയിൽ ഒരു സമീപനം അംഗീകരിക്കാൻ റവന്യൂ മന്ത്രി തയ്യാറാകണമെന്നഭ്യർത്ഥിച്ചു കൊണ്ട് ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: മറ്റൊന്നും പറയാനില്ല. ഇത് സെലക്ട് കമ്മിറ്റിക്ക് വിടണമെന്നഭ്യർത്ഥിക്കുന്നു.

The question that the Kerala Board of Revenue Abolition Bill 1981 be referred to Select Committee was put and carried.

The motion was adopted and the Bill was referred to Select Committee.

(iii) 1981-ലെ കേരള തദ്ദേശാധികാര സ്ഥാപനങ്ങൾ (വിനോദ നികുതി (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ആർ. എസ്. ഉണ്ണി): സർ, 1981-ലെ കേരള തദ്ദേശാധികാര സ്ഥാപനങ്ങൾ (വിനോദ നികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly